പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2415 05.11.2019 ലെ മറുപടിക്ക്

## കയർമേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർമേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ; | എ) ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചു വരുന്നുണ്ട്. ചകിരി ക്ഷാമം പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡീ-ഫൈബറിംഗ് മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് നടപ്പിലായി കഴിഞ്ഞു. സംസ്ഥാനത്ത് ഇതിനോടകം 75 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br><br>കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ, കണ്ണൂർ, വൈക്കം പ്രോജക്ടുകളിലെ സംഘങ്ങൾ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വീതം സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് |

| | |
|---|---|
| | സംഘമായി പ്രവർത്തിച്ച തുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു.<br><br>കയർ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം, യന്ത്രവത്ക്കരണം എന്നിവയിലൂടെ കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. കയർ ഭൂവസ്ത്രം പരമ്പരാഗത പായ തറികളിൽ നെയ്യുന്നതിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്.<br><br>മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളിൽ, 2019-20 വർഷത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ സ്ഥാപിച്ച് അവയെ ഫാക്ടറി ടൈപ്പായി പുനഃസംഘടിപ്പിക്കുകയാണ്. |
| ബി) കയറിന്റെ വിപണന ശൃംഖല വ്യാപിപ്പിക്കുവാൻ ഒരു ഉല്പന്ന മാർക്കറ്റിംഗ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) കേരള കയർ മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ മാർക്കറ്റിംഗ് കമ്പനി രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| സി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വില സ്ഥിരതക്കായി പ്രൈസ് ഫ്ളെക്ചേഷൻ സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം എന്ത് സഹായമാണ് ആയതിലൂടെ അനുവദിച്ചതെന്ന് അറിയിക്കുമോ? | സി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിലസ്ഥിരതക്കായി പ്രൈസ് ഫ്ളക്ച്വേഷൻ സ്കീം 2009-10 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ കയർ രംഗത്തെ അഭിമാന പദ്ധതിയായ ക്രയവില സ്ഥിരതാ പദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പാക്കി വരുന്നു. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായ രംഗത്തെ പുനഃസംഘടിപ്പിച്ചുകൊണ്ട് കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും, ചെറുകിട കയർ ഉൽപ്പന്ന നിർമാതാക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്കുള്ള ന്യായവില ലഭ്യമാക്കുന്നതിനും, |

| | |
|---|---|
| | കയർ കയറ്റുമതിക്കാർക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും, അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസെൻറീവുകൾ നൽകുന്നതിനുമാണ് സർക്കാർ ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷം ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിന് സബ്സിഡിയായി 29.42 കോടിയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് സബ്സിഡിയായി 30 കോടിയുമുൾപ്പെടെ ആകെ 59.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ